Mr. C. Matthai.—Rs. 20 was incurred for the Ernakulam Lower Secondary School building opening ceremony.

Mr. T. A. Ramachandra Ayyar.—Was T. A. paid to the Member?

Mr. C. Matthai.—No T. A. was paid.

Mr. T. A. Ramachandra Ayyar.—Why were not ceremonies performed for the Pukunnam and other schools?

Mr. C. Matthai.—It was not thought necessary.

The condition of the Arappu Thodu.

393. മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—എടവിലങ്ങു്, എറിയാടു്, അഴിക്കോടു എന്നീ വില്ലേജുകളിലെ ഗതാഗതത്തിനും കൃഷിസംരക്ഷണത്തിനും അത്യന്താപേക്ഷിതമായ "അറപ്പുതോടു്" സമുദ്രാക്രമണം നിമിത്തം ഏതാണ്ടു ഉപയോഗശൂന്യമായിട്ടുണ്ടെന്നു് ഗവമ്മേണ്ടു് അറഞ്ഞിട്ടുണ്ടോ?

സമുദ്രാക്രമണം ഒന്നുകൂടിയുണ്ടായാൽ "അറപ്പുതോടു്" തീരെനിരുപയോഗമാകുമെന്നു് ഗവമ്മേണ്ടു് ധരിച്ചിട്ടുണ്ടോ?

"അറപ്പുതോടു്" തീരെനിരുപയോഗമായാൽ ടി വില്ലേജുകൾക്കുണ്ടാകുന്ന ഭയങ്കര നാശത്തെക്കുറിച്ചു് കാലേക്കൂട്ടി ഗവമ്മേണ്ടിന്റെ ദൃഷ്ടി പതിയുമോ?

മിസ്റ്റർ വി, കെ. അരവിന്ദാക്ഷ മേനോൻ.—ഉവ്വു്, ഈ സംഗതികളിൽ ഗവമ്മേണ്ടിന്റെ ദൃഷ്ടി പതിഞ്ഞിട്ടുണ്ടു്.

The Keli Thodu in the Amballur, Torava and other villages in the Mukundapuram Taluk.

394. മിസ്റ്റർ എ. കെ. തോമ—(1) മുകുന്ദപുരം താലൂക്കിൽപെട്ട അമ്പല്ലൂർ, തൊറവ, തുക്കുർ, കല്ലൂർ എന്നീ വില്ലേജുകളിൽകൂടി ഒഴുകുന്നതും ടി വില്ലേജുകളിലെ കൃഷിരക്ഷയ്ക്കു് എത്രയും അത്യാവശ്യമായിട്ടുള്ളതും പ്രാധാന്യമേറിയതുമായ കേലി എന്ന തോടിനെ ജീർണ്ണോദ്ധാരണംചെയ്തുകിട്ടുവാൻ വേണ്ടി ടി വില്ലേജുനിവാസികളുടെ ആവലാതികൾ ഗവമ്മേണ്ടിന്റെ ശ്രദ്ധക്കു് വിഷയീഭവിച്ചു തുടങ്ങിട്ടു് എത്രകാലത്തോളമായി എന്നും ഈ കാര്യത്തിനേസംബന്ധിച്ചു് ഗവമ്മേണ്ടിനാദ്യം കിട്ടിയതും ഒടുവിൽ കിട്ടിയതുമായ ഹർജികളുടെ തീയ്യതികൾ ഏതെല്ലാമാണെന്നു് ദയവായി പ്രസ്താവിക്കുമോ?

(2) ഈ തോടിനെസംബന്ധിച്ചു് ദിവാൻജിമുതൽ കിഴ്പോട്ടു് ഏതെല്ലാം ഉദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി അന്വേഷിച്ചിട്ടുണ്ടെന്നും തൽഫലമായി 1079, 1080 ഈ കൊല്ലങ്ങളിൽ വല്ല ഗവമ്മേണ്ടുത്തരവുകളും പാസ്സാക്കീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ ഓരോ കോപ്പി മേശപറത്തു വെക്കുമോ?

(3) ടി തോടു് നന്നാക്കുശരിപ്പെടുത്തേണ്ടതിനേപ്പറ്റി ചീഫ് എഞ്ചിനീയർ അവർകൾ ഒരുഎസ്റ്റിമേറു് ഗവമ്മേണ്ടിലേക്കുസമർപ്പിക്കുകയുണ്ടായോ എന്നും ടി തോടു് തീവണ്ടിപ്പാലത്തിനടിയിൽകൂടി പോകുന്നതുകൊണ്ടു് ആ പാലം പൊളിച്ചു വിസ്താരപ്പെടുത്തിയല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly